(c) has any order been passed accepting the resolutions passed by the Committee ;
(d) if the answer to (c) is in the negative the reasons for the delay ?

Mr. P. Govinda Menon *(Minister for Food and Education)* :

(a) Two meetings were held, one on 2nd July 1946 and the other on 22nd October 1946.

(b) Minutes of the meetings are appended. *(Appendix II).*
(c) The information required is appended.
(d) Does not arise in view of answer to (c).

HANDLOOM INDUSTRY—STARTING OF—LICENSE FOR

261. മിസ്റ്റർ കെ. കെ. കണ്ണൻ : ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു താഴെ പറയുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി പറയുമൊ.—

(എ) കൈത്തറി നെയ്ത്തിനുള്ള ലൈസൻസ്സുകൾ അനുവദിച്ചു കിട്ടുവാൻ അപേക്ഷിച്ചുകൊണ്ടു് അധഃകൃതരിൽനിന്നു എത്രപേർ അധികൃതസ്ഥാനത്തേക്കു അപേക്ഷകൾ അയച്ചിട്ടുണ്ടു് ;

(ബി) അവർ ആരെല്ലാമാണു്.

(സി) അധഃകൃതരിൽ ആർക്കെങ്കിലും കൈത്തറി നെയ്ത്തിനുള്ള ലൈസൻസ്സു കൊടുത്തിട്ടുണ്ടൊ;

(ഡി) ഉണ്ടെങ്കിൽ ആർക്കാണു് കൊടുത്തിട്ടുള്ളതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) അപേക്ഷകളിൽ ജാതി കാണിക്കേണമെന്നു വ്യവസ്ഥയില്ലാത്തതിനാലും അപേക്ഷകർ ആരായതു കാണിക്കാറില്ലാത്തതുകൊണ്ടും അപേക്ഷകരിൽ അധഃകൃതർ എത്രയുണ്ടു് എന്നു അറിയുവാൻ നിവൃത്തിയില്ല.

(ബി) എ യുടെ ഉത്തരംകൊണ്ടു് ഉത്തരം ആവശ്യമില്ല.

(സി) ഉണ്ടു്.

(ഡി) ക. യു. പി. നാരായണൻ, ചേലക്കോട്ടുകര, തൃശ്ശിവപേരൂർ.

ഒ. ഇയ്യൻ ഉണ്ണ്യാലൻ, മുളന്തുരുത്തി. ഈ രണ്ടുപേർക്കും കൊടുത്തിട്ടുള്ളതായി അറിയാം.

GENERAL HOSPITAL—CHILDRENS' WARD

262. മിസ്റ്റർ പി. കെ. ഡിവർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് സദയം മറുപടി പറയുമൊ.—

(എ) ക ക ഒ വയ്യിക്കം കുവ്വ-ാംന- (ന- ക ഒ- ര ന) ജനറൽ ആസ്പത്രിയിൽ ചിൽഡ്രൻസ് വാർഡിൽ, ക-ാം നമ്പർ കട്ടിലിൽ കിടന്നിരുന്ന കുട്ടിയെ അഡ്മിറ്റ് ചെയ്തിട്ടു് അന്നേക്കു് എത്ര ദിവസമായി;

(ബി) ആ കുട്ടിയുടെ അച്ഛന്റെ പേരു് എന്തു;

(സി) അദ്ദേഹം ഏതു് ദേശത്തുകാരനാണെന്നും എന്തു ജോലിക്കാരനാണെന്നും പറയാമൊ;

(ഡി) ആ കുട്ടിയുടെ നെഞ്ചിന്റെ എക്സ്റെ ഫോട്ടോ എടുക്കുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു;

(ഇ) എക്സ്റെ ഫോട്ടോ എടുത്തിട്ടുണ്ടെങ്കിൽ പണം വാങ്ങി എടുത്തതോ, സൌജന്യമായി എടുത്തതോ;

(എഫ്) സൌജന്യമായി എടുത്തുവെങ്കിൽ ആരാണു് അതനുവദിച്ചതു്? എന്തു കാരണത്താൽ?

റാവുബഹദൂർ ടി. കെ. നായർ :

(എ) 8 ദിവസമായി.

(ബി) ജോൺ.

(സി) അദ്ദേഹം അതിരമ്പുഴക്കാരനാണു്. ജോലി എന്താണെന്നു് നിശ്ചയമില്ല.

(ഡി) ഉവ്വു്. ക ക ഒ വയ്യിക്കം കുവ്വ-ാംന-.

(ഇ) ഫോട്ടോ എടുത്തതു് ഫീസ് വാങ്ങിയിട്ടാണു്.

(എഫ്) (ഇ) ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഈ ചോദ്യത്തിനു് ഉത്തരമാവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly